KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

**41039**

# CHILDREN'S FRIEND HIGH SCHOOL




## ലിറ്റിൽ കൈറ്റ്സ് 2022-2025
## ഡിജിറ്റൽ മാഗസിൻ

# *E- താളുകൾ*

# സി എഫ് എച്ച് എസ്
# കൊട്ടിയം



കൊട്ടിയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് നിലകൊള്ളുന്ന നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ക്രിസ്ത്യൻ പശ്ചാത്തലമുള്ള ഒരു വിദ്യാലയമാണ് ചിൽഡ്രൻസ് ഫ്രണ്ട് ഹൈസ്കൂൾ. ഒരു നൂറ്റാണ്ടിലേറെയായി കൊട്ടിയത്തിന്റെ മണ്ണിൽ അക്ഷരവെളിച്ചം പകർന്നുകൊണ്ട് നിലകൊള്ളുന്ന ഈ വിദ്യാലയം ഒരുപാട് പ്രതിഭാധനരായ പൂർവ്വവിദ്യാർത്ഥികളാൽ സമ്പന്നമാണ്. 1910 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ നിന്നും 1976 ൽ

പെൺകുട്ടികളെ മാറ്റി നിത്യസഹായ മാതാ ഗേൾസ് സ്ഥാപിച്ചതിനു ശേഷം ബോയ്സ് സ്കൂൾ എന്നറിയപ്പെട്ടിരുന്ന സി എഫ് എച്ച് എസ് കഴിഞ്ഞ അധ്യയന വർഷം മുതൽ പെൺകുട്ടികൾക്കുകൂടി പ്രവേശനം നൽകി തുടങ്ങി. യു പി , ഹൈസ്കൂൾ തലത്തിലായി 280 ഓളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ അധ്യയനത്തോടൊപ്പം കലാകായിക രംഗത്തും കുട്ടികളുടെ വളർച്ച ഉന്നം വയ്ക്കുന്ന വ്യത്യസ്തതയാർന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു .



# താളുകളിലൂടെ

ആമുഖം
ആശംസ -6
റിപ്പോർട്ട് - 8
എഡിറ്റോറിയൽ ബോർഡ് - 11
മയിൽപ്പീലി -12
മഞ്ഞുതുള്ളി -12
പൂമ്പാറ്റ -13
കാട് - 14
അമ്പിളി -15
റോസാപ്പൂവ് - 16
മഴ - 17
ആഴ്ച - 18
സൗഹൃദം - 19
മടിയന്മാരുടെ രാജാവ് -20
അധ്വാനത്തിന്റെ വില - 21
ലഹരിവിമുക്ത നവകേരളം - 23
കായിരിയും ഉരിയണ്ടനും -25
[illegible] - 26
[illegible] -27
मेरा स्कूल - 31
वाक्य प्रयोग -32
GK हिन्दी -34
पहेलिय - 35
मन करता है - 36
बालगीत - 37
ചിത്രത്താളുകൾ - 38

# ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ഗ്രാഫിക്സ്, അനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, മൊബൈൽ ആപ്പ് നിർമ്മാണം, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതാണ് ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി. ഇതിന്റെ ഭാഗമായി വിദഗ്ധരുടെ ക്ലാസുകൾ, ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. ക്ലാസ് മുറികളിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനം, രക്ഷകർത്താക്കളുടെ കമ്പ്യൂട്ടർ സാക്ഷരത, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സി എഫ് എച്ച്എസിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ E താളുകൾ ഏവരുടെയും ആശീർവാദത്തോടെ സമർപ്പിക്കുന്നു.

# ആശംസ



സാങ്കേതികവിദ്യയുടെ അനന്തവിഹായസിലേക്ക് പറന്നുയരാൻ കുട്ടികളെ സജ്ജരാക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി വിദ്യാർത്ഥികളിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ പുത്തൻ ജാലകങ്ങൾ തുറന്നിടുകയാണ്. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന E-താളുകൾ എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

ബെർണാഡ് ആർ
ഹെഡ്മാസ്റ്റർ

# ആശംസ



ഇന്ന് കുട്ടികൾ സാങ്കേതികതയുടെ മടിത്തട്ടിലേക്കാണ് പിറന്നുവീഴുന്നത്. നമ്മുടെ കുട്ടികളും എല്ലാറ്റിലും മുൻപന്തിയിൽ നിൽക്കണമെന്ന ആഗ്രഹം എല്ലാ രക്ഷകർത്താക്കൾക്കുമുണ്ട്. ഈ ആഗ്രഹം നിറവേറാൻ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മ സഹായിക്കും. കൊട്ടിയം സി എഫ് എച്ച് എസ് ലെ ഒൻപതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ E-താളുകൾ ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

അധ്യാപകരക്ഷാകർത്തൃസമിതിയ്ക്കു വേണ്ടി

ബിനു പി

പി റ്റി എ പ്രസിഡന്റ്

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്

2023 24 അധ്യയനവർഷം ജൂൺമാസം തന്നെ പുതിയ ബാച്ചിലേക്കുള്ള എട്ടാം ക്ലാസുകാരിൽ നിന്നും സമ്മതപത്രം വാങ്ങുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തു. ജൂൺ 13ന് കുട്ടികൾക്ക് പ്രിലിമിനറി പരീക്ഷ നടത്തുകയും അതിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ ജൂലൈ 1 3ന് നടന്ന പ്രിലിമിനറി ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്തു. കൈറ്റ് മാസ്റ്റർ ശ്രീ അലൻ ക്യാമ്പ് വളരെ നന്നായി കൈകാര്യം ചെയ്തു.





ഒമ്പതാം ക്ലാസിലെ റുട്ടീൻ ക്ലാസുകൾ ജൂൺ മാസം പതിനാലാം തീയതി മുതൽ ആരംഭിച്ചു. ബുധൻ, വ്യാഴം ദിവസങ്ങളിലായി എട്ട്, ഒമ്പത് ക്ലാസുകളിലെ കുട്ടികൾക്ക് റുട്ടീൻ ക്ലാസുകൾ നടത്തിവരുന്നു. സെപ്റ്റംബർ മാസം മൂന്നാം തീയതി ഒമ്പതാം ക്ലാസിലെ കുട്ടികൾക്കായി സ്കൂൾതല ക്യാമ്പ് നടത്തി. ചാത്തന്നൂർ ഉപജില്ലയുടെ മാസ്റ്റർ ട്രെയിനറായ വിക്രമൻ പിള്ള സാർ ക്ലാസുകൾ കൈകാര്യം ചെയ്തു.

സ്വതന്ത്ര വിജ്ഞാനോത്സവവുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് 11 ന് പ്രത്യേക അസംബ്ലി നടത്തി. കുട്ടികൾക്ക് AURDINO പരിചയപ്പെടുത്തുന്നതിനായി കുമാരി അതുല്യയുടെ പ്രത്യേകം ക്ലാസ് നടത്തി. കൂടാതെ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രദർശനവും നടത്തി.









സ്കൂൾതല ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 6 കുട്ടികൾ മുഖത്തല M G T H S ൽ വച്ച് ഡിസംബർ 26, 27 തീയതികളിൽ നടന്ന ഉപജില്ല ക്യാമ്പിൽ പങ്കെടുത്തു.

പത്താം ക്ലാസിലെ കുട്ടികളുടെ അസൈൻമെന്റ് കൃത്യസമയത്ത് പൂർത്തിയാക്കി ഗ്രേസ് മാർക്കിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. 9 ,8 ക്ലാസ്സുകളുടെ മൊഡ്യൂൾ പ്രകാരമുള്ള ക്ലാസുകൾ അവസാനിച്ചു. ശേഷം ഒൻപതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നതിനായി പ്രയത്നിച്ചു കൊണ്ടിരിക്കുന്നു. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തിക്കാൻ കൈറ്റ് മാസ്റ്റർ ജോണി സാർ കൈറ്റ് മിസ്ട്രസ് ആശ ടീച്ചർ എന്നിവർക്ക് എല്ലാ പിന്തുണയും നൽകിയ പ്രധാന അധ്യാപകനായ ശ്രീ ബർണാഡ് ആർ ചാത്തന്നൂർ ഉപജില്ല മാസ്റ്റർ ട്രെയിനർ ശ്രീ വിക്രമൻ പിള്ള എന്നിവർക്ക് സി എഫ് എച്ച് എസ് ലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു .

നന്ദി

നമസ്കാരം

# ലിറ്റിൽ കൈറ്റ്സ് 2022- 2025 ബാച്ച്



# ലിറ്റിൽ കൈറ്റ്സ് 2023- 2026ബാച്ച്



# എഡിറ്റോറിയൽ ബോർഡ്





**ശ്രീ. ജോണി എച്ച്**
**സ്റ്റാഫ് എഡിറ്റർ**

**ശ്രീമതി. ആശാ റോയി**
**സ്റ്റാഫ് എഡിറ്റർ**






**നിരഞ്ജൻ**
**ഇമ്മാനുവൽ തോമസ്**
**സുഫിയാൻ എൻ**
**മുഹമ്മദ് ഫാരിസ്**
**നാസിം എം**



# മയിൽപീലി

ചട്ടയില്ലാത്ത പുസ്തകത്തിലെ
ചിതലരിച്ച പേജുകളിൽ
മരിച്ചുപോയ പ്രണയം
ഒളിച്ചുവെച്ച
മയിൽപീലിത്തുണ്ടുപോലെ.



അലീന യു എസ്
10 A

# മഞ്ഞുതുള്ളി



തണുത്തുറഞ്ഞ കമ്പളത്തിൽ
കാലം തെറ്റി മഴ പെയ്യുന്നു
വിണ്ടു കീറിയ മാനസം തേടി
ഇരുണ്ടമേഘങ്ങൾ
വീണുടയുന്നു....

മുഹമ്മദ് ഫാരിസ്
9B

# പൂമ്പാറ്റ

പൂക്കൾ തേടി പാറി നടക്കും
പൂന്തേൻ നുകരും പൂമ്പാറ്റേ
പൂവെള്ള തോൽക്കും മുല്ലപ്പൂവും
തുമ്പപ്പൂവും നീ കാണാറുണ്ടോ
തുള്ളിക്കളിക്കും പൂമ്പാറ്റേ
പൂവിൽ ഉറങ്ങും പൂമ്പാറ്റേ
തെച്ചിപ്പൂവിൻ ലില്ലിപ്പൂവിൻ
നിറം നീ ചൊല്ലിടുമോ
മഴവില്ല് പോലെ ചിറകുകൾ വീശും
പൂമ്പാറ്റേ
നീ കാണും കാഴ്ചകളെല്ലാം
എന്നോടൊന്നു പറയാമോ
എന്നെക്കൂടെ കൂട്ടാമോ.....

**അനന്ദു എ ആർ**
**7 A**


# കാട്

കിതച്ച വേരുകൾ ഓടി മടുത്തു
വഴിമുടക്കാൻ അവരും എത്തി.
മൗനമായി ആർത്തവർ
ദ്രോഹമില്ലാതെ
കാടെന്ന പേരിൽ വളർന്നുവന്നു.
കോടാലി കണ്ട ഭയന്നു നിന്നവർ
അത്താണിയില്ലാതെ മരിച്ചുവീണു.

കൃഷ്ണപ്രിയ
□□



# അമ്പിളി



അമ്പിളിയമ്മാവാ
അമ്പിളിയമ്മാവാ
നീ എൻ കൂടെ വരുകയാണോ
അങ്ങാടിയിലും കണ്ടു ഞാൻ
പൂരത്തിനിടയിലും കണ്ടു ഞാൻ
അമ്പിളിയമ്മാവാ നീ കൂടെ വരുകയാണോ...


ജ്വൂവൽ ജോസ്
5 B





# റോസാപ്പൂവ്


എന്റെ പൂന്തോട്ടത്തിലുണ്ടൊരു
റോസാപ്പൂവ്
ഭംഗിയേറുന്നൊരു റോസാപ്പൂവ്
സൗരഭ്യം നിറയുന്നൊരു
റോസാപ്പൂവ്
പൂമ്പാറ്റകൾ വട്ടമിട്ട് പറക്കും
റോസാപ്പൂവ്
വിടർന്ന് വിലസി നിൽക്കുന്ന
നിന്നെ കാണാൻ
എന്ത് ഭംഗി എൻ പൂവേ



**ഇമ്മാനുവൽ തോമസ്**

9 B

# മഴ



മഴ കാണാനെന്തു രസം
മഴ നനയാനെന്തു രസം
മിഴി നിറയെ മഴ
കാണേണം
മനം നിറയെ മഴ
നനയണം
മഴയത്തൊരു കളിയുണ്ട്
മഴയത്തൊരു കുളിയുണ്ട്
മഴ വന്നാലെന്ത് രസം മഴ
പോയാലില്ല രസം

അനഘ ബിജുലാൽ
8 A

# ആഴ്ച

ഞായർ വന്നു മുട്ടി വിളിച്ചു
തിങ്കൾ ഓടി വാതിൽ തുറന്നു
ചൊവ്വയും ബുധനും അടിപിടി കൂടി
വ്യാഴവും വെള്ളിയും നോക്കി ചിരിച്ചു
ശനി വന്നു കണ്ണുരുട്ടി
ഞായർ പതിയെ പാടി തുടങ്ങി
ആഴ്ച്ചയിൽ ഞങ്ങൾ ഏഴു ദിനങ്ങൾ
അവയുടെ പേരുകൾ ഏതൊക്കെ
ഞായർ,തിങ്കൾ, ചൊവ്വ
ബുധൻ,വ്യാഴം,വെള്ളി
ശനി ഒത്തു പാടി
ഞങ്ങൾ എഴു ദിനങ്ങളാണല്ലോ

മുഹമ്മദ് റിഹാൻ ഷാനവാസ്

**7 B**

# സൗഹൃദം

സൗഹൃദം എന്നത് ആരും ആഗ്രഹിക്കുന്ന ഏറ്റവും വലിയ ബന്ധമാണ്. വിശ്വസിക്കാൻ കഴിയുന്ന സുഹൃത്തുക്കൾ ഉള്ളവർ ഭാഗ്യവാന്മാരാണ്. സൗഹൃദം എന്നത് രണ്ട് വ്യക്തികൾ തമ്മിലുള്ള അർപ്പണബോധമുള്ള ബന്ധമാണ്. സൗഹൃദം ഒരിക്കലും മോശമായ സമയങ്ങളിൽ നമ്മെ വിട്ടു പോവുകയില്ല. അത് ജീവിതത്തിൽ പ്രധാനമാണ്. സൗഹൃദം ജീവിതത്തെക്കുറിച്ച് കുറെ കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

ഒരു കുടുംബം പോലെ സൗഹൃദം സുഹൃത്ത് എന്നിവ പ്രധാനമാണ് നമ്മുടെ സന്തോഷവും സങ്കടവും വികാരങ്ങളും പ്രശ്നങ്ങളും അവരുമായി പങ്കിടാൻ കഴിയും. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് നല്ല സുഹൃത്തുക്കൾ വളരെ കുറവാണ് എനിക്കും ഇതുപോലെ ചങ്കുകളായ സുഹൃത്തുക്കൾ ഉണ്ട് ഞങ്ങളുടെ സൗഹൃദം എന്നെ നീക്കുമായി നിലനിൽക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സ്നേഹം എന്ന വികാരമില്ലാതെ ഒരു സൗഹൃദവും മുൻപോട്ടു പോവുകയില്ല സൗഹൃദത്തിന്റെ ജില്ലയിലാണ് ജീവിതത്തിലെ ഏറ്റവും വലിയ മനോഹരമായ നിമിഷങ്ങൾ പൂക്കുന്നത് ഒരിക്കലും വാടാത്ത പൂക്കൾ പോലെ ആരും പറയാത്ത ഇതുവരെ കാണാത്ത സ്വപ്നം പോലെ എന്നും എപ്പോഴും മായാതെ നിലനിൽക്കട്ടെ ഏവരുടെയും സൗഹൃദം.

**അഖിൽ എസ് 10 A**

# മടിയന്മാരുടെ രാജാവ്

ഒരിക്കൽ ഒരു നാട്ടിൽ കുറേ മടിയന്മാർ താമസിച്ചിരുന്നു. ഒരു ജോലിക്കും പോകാതെ തീർത്തും അലസന്മാരായി കഴിഞ്ഞുകൂടുന്നവർ ആയിരുന്നു അവർ.

ഒരുനാൾ അവർക്കിടയിൽ ഒരു തർക്കം വന്നു. ആരാണ് ഏറ്റവും വലിയ കുഴിമടിയൻ എന്ന കാര്യത്തിലാണ് തർക്കം ഉണ്ടായത് . ഓരോരുത്തരും അവരവർ തന്നെയാണ് ഏറ്റവും നല്ല മടിയൻ എന്ന് പറഞ്ഞ് തർക്കം മുറുകിയപ്പോൾ കൂട്ടത്തിൽ ഒരാൾ പറഞ്ഞു.

" കുഴിമടിയന്മാരായ എന്റെ കൂട്ടുകാരെ ,നമുക്ക് ഈ നാട്ടിലെ എല്ലാ മടിയന്മാരെയും വിളിച്ച് ഒരു ദിവസം സമ്മേളനം നടത്താം .മടിയന്മാർ അല്ലാത്ത കുറച്ച് ആളുകളെ വരുത്തി അവരുടെ മുൻപിൽ ഓരോരുത്തരും അവരവരുടെ കഥകൾ പറയുക. അതുകേട്ട് അവർ തെരഞ്ഞെടുക്കട്ടെ ."

എല്ലാവരും മടിച്ചത് കാരണം സമ്മേളനം പല പ്രാവശ്യം മാറ്റിവെച്ച് വെച്ച് ഒടുവിൽ ഒരു ദിവസം സമ്മേളനം നടന്നു. ഓരോരുത്തരും തങ്ങളുടെ കഥകൾ പങ്കുവെച്ചു . അതിൽ നിന്ന് ജഡ്ജസ് ഒരാളെ തെരഞ്ഞെടുത്തു . അയാൾക്കുള്ള സമ്മാനം നൽകുന്ന സമയമായപ്പോൾ ഒരു കുട്ടി ഓടി വന്നു

"ചേട്ടന്മാരെ, ഞാൻ എന്റെ അച്ഛന്റെ സമ്മാനം വാങ്ങാൻ വന്നതാണ്. കുഴിമടിയനായ അച്ഛൻ തന്റെ സമ്മാനം വാങ്ങാൻ വരാതെ മടിപിടിച്ച് വീട്ടിൽ ഇരിക്കുകയാണ്. അതുകൊണ്ടാണ് എന്നെ വിട്ടത്".

ജഡ്ജസ് പിന്നെ ഒന്നും ആലോചിച്ചില്ല . അവന്റെ കയ്യിൽ വലിയ മടിയനുള്ള സമ്മാനവും കൊടുത്തുവിട്ട് സമ്മേളനം അവസാനിപ്പിച്ചു.

മുഹമ്മദ് യാസീൻ Z
5 B

# അധ്വാനത്തിന്റെ വില

അപ്പുവും അല്ലുവും കൂട്ടുകാരായിരുന്നു. കൂട്ടുകാരായ രമ്യയുടെയും മായയുടെും മക്കളായിരുന്നു ഇവർ. അമ്മമാരെപ്പോലെ നല്ല കൂട്ടുകാരാണ് അവരും. ഒരുമിച്ച് കളിച്ചും പഠിച്ചും അവർ സന്തോഷത്തോടെ ജീവിച്ചു. പെട്ടെന്ന് ഒരുദിവസം അല്ലുവിന്റെ കുടുംബത്തിന് താങ്ങും തണലുമായ അച്ഛൻ മരിച്ചുപോയി. അവന്റെ അമ്മ കൂലിവേലയ്ക്ക് പോയി അവനെ പഠിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ അവിടെയും വിധി അവരെ തോൽപ്പിച്ചു. അമ്മ ശരീരഭാഗങ്ങൾ തളർന്ന് കിടപ്പിലായി. പതിനൊന്നാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന അല്ലു പഠിപ്പ് നിർത്തി പല പല ജോലികൾ ചെയ്യാൻ തുടങ്ങി. എന്നിട്ടും അവനെന്നും അപ്പുവിന്റെ വീട്ടിൽ പോകുമായിരുന്നു. അപ്പുവിന്റെ അച്ഛനും അമ്മയ്ക്കും അവനെ വളരെ ഇഷ്ടമായിരുന്നു. അവർ രണ്ടുപേർക്കും ഒരുമിച്ച് ആഹാരമൊക്കെ കൊടുക്കും. അത് കഴിക്കുമ്പോൾ അല്ലുവിന്റെ കണ്ണുകൾ നിറയും. അത് കാണുമ്പോൾ അപ്പുവിന്റെ അച്ഛൻ അവനെ കെട്ടിപ്പിടിച്ചു സമാധാനിപ്പിക്കും.

അങ്ങനെ കാലങ്ങൾ കടന്നുപോയി. അപ്പു പഠിച്ച് ഒരു ബാങ്ക് മാനേജറായി. അല്ലു കൂലിപ്പണി ചെയ്തും ജീവിച്ചു. അങ്ങനെയിരിക്കെ പഠിപ്പുകഴിഞ്ഞു ജോലിയും കിട്ടിവന്ന അപ്പുവിനെ കാണാൻ അല്ലു ഓടിയെത്തി. പക്ഷെ അവനെ കണ്ടഭാവം നടിക്കാതെ അപ്പു തന്റെ പുതിയ കൂട്ടുകാരുമൊത്ത് കാറിൽ കയറി പോകാൻ തുടങ്ങി. അമ്മ അല്ലുവിനെ അകത്തേക്ക് വിളിക്കുന്നതുകണ്ട് അപ്പു പറഞ്ഞു. " നീ നിൽക്കണ്ട , പൊയ്ക്കോ , ഞാൻ ഇന്ന് വരില്ല ". അല്ലുവിനെ വീട്ടിൽ പോലും കയറ്റാതെ അവൻ ഒഴിവാക്കി . ഉള്ളിൽ ഒരുപാട് സങ്കടം ഉണ്ടായിട്ടും പുറമേ ചിരിച്ചുകൊണ്ട് അവൻ അമ്മയോട് യാത്രപറഞ്ഞ് മടങ്ങിപ്പോയി. അന്നുമുതൽ പലയിടത്തും അപ്പു അവനെ അവഗണിച്ചു. എങ്കിലും അല്ലുവിന് അപ്പുവിനെ തന്റെ ജീവനേക്കാൾ ഇഷ്ടമായിരുന്നു.

ജോലിത്തിരക്ക് കാരണം അമ്മയെ നോക്കാൻ സമയം കുറവായിരുന്നതുകൊണ്ട് അമ്മയ്ക്ക് വേണ്ടി അല്ലുവിന് പെട്ടെന്ന് ഒരു വിവാഹം കഴിക്കേണ്ടി വന്നു. പാവപ്പെട്ട കുടുംബത്തിലെ ഒരു പാവം കുട്ടിയായ രാധയെയാണ് അവൻ വിവാഹം കഴിച്ചത്. അവൾ നല്ലതുപോലെ അമ്മയുടെ കാര്യങ്ങൾ ശ്രദ്ധിച്ചു. അവൾക്ക് ആകെയുണ്ടായിരുന്നത് ഒരു സഹോദരനും അമ്മാവനുമായിരുന്നു. അങ്ങനെയിരിക്കെ അല്ലുവിന് ഒരു കുഞ്ഞു ജനിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അമ്മയ്ക്ക് അസുഖം കൂടി. അമ്മയെ ആശുപത്രിയിൽ കൊണ്ടുപോകാൻ പണമില്ലാതെ അവൻ അപ്പുവിനെ ഓർത്തു. അങ്ങോട്ടേയ്ക്ക് ചെന്നു. അല്ലു വരുമ്പോൾ അപ്പു ഉമ്മറത്തിരുന്ന് പൈസ എണ്ണുകയായിരുന്നു. ദൂരെനിന്ന് അല്ലുവിനെ കണ്ടതും അപ്പു അകത്തേക്ക് പോയി. അല്ലു വന്ന് വിളിച്ചപ്പോൾ അമ്മയാണ് വാതിൽ തുറന്നത്. അമ്മയോട് ആവശ്യം പറഞ്ഞപ്പോൾ അപ്പുവിന്റെ കയ്യിൽ നിന്ന് വാങ്ങിത്തരാം എന്ന് പറഞ്ഞ് അമ്മ അകത്തേക്ക് പോയി. അപ്പുവിനോട് അമ്മ കാര്യം പറഞ്ഞതും അവൻ ദേഷ്യപ്പെട്ടു പറഞ്ഞു." ഇവിടെ പണം അച്ചടിക്കുന്ന മെഷീൻ ഒന്നുമില്ലല്ലോ, മനുഷ്യൻ കാശില്ലാതെ നട്ടം തിരിയുകയാ , അപ്പോഴാ ഓരോരുത്തര് ദാനം ചോദിച്ചു വരുന്നത്. അല്ലെങ്കിലും ആരെങ്കിലും ഒന്ന് പച്ചപിടിക്കുന്നത് കാത്തിരിക്കുവാ ഊറ്റിയെടുക്കാനായി കൂട്ടുകാരെന്ന് പറയുന്ന കുറേയെണ്ണം" . ഇതുകേട്ട് സങ്കടപ്പെട്ട് അവൻ അവിടെ നിന്നും തിരിച്ചു നടന്നു.

അവൻ തിരികെ വന്നപ്പോഴേക്കും അമ്മ മരിച്ചിരുന്നു. അതോടെ അല്ലു മാനസികമായി തളർന്നു. അവിടെയും പിടിച്ചുനിന്നത് രാധയുടെ സ്നേഹവും കുഞ്ഞിന്റെ കുറുമ്പുകളും കൊണ്ടായിരുന്നു. അങ്ങനെ കുറേ നാളുകൾ കഴിഞ്ഞു. കുഞ്ഞിന് മൂന്നു വയസ്സായി. കുഞ്ഞിന്റെ

ഓരോ കുറുമ്പും കൊഞ്ചലുമൊക്കെ  രാധ മൊബൈലിൽ പിടിക്കുമായിരുന്നു. അത് അവളുടെ സഹോദരൻ യൂട്യൂബിൽ ഇട്ടു. അവയൊക്കെ വൈറലായി. പിന്നീട് കുടുംബസമേതം അവർ വീഡിയോ ചെയ്തു. അങ്ങനെ അവർ പെട്ടെന്ന് പ്രശസ്തരായി. എന്നിട്ടും അവർ വന്നവഴി മറന്നില്ല. കൂടെ നിന്നവരെ സ്നേഹിച്ചു സന്തോഷത്തോടെ മുന്നോട്ട് പോയി.

അങ്ങനെയിരിക്കെ ഒരുദിവസം അവിടത്തെ അസോസിയേഷൻ വാർഷികത്തിന് ഉദ്ഘാടനത്തിനായി ഇവരെ ക്ഷണിച്ചു. വളരെ വലിയ ഒരു സ്വീകരണമാണ് ഇവർക്ക് കിട്ടിയത്. കൂട്ടത്തിൽ അപ്പുവും കുടുംബവും ഉണ്ടായിരുന്നു. എല്ലാം കഴിഞ്ഞ് പോകാൻനേരം അപ്പുവിന്റെ അമ്മയും അച്ഛനും അല്ലുവിനെ കാണാൻ എത്തി. അവരോട് നന്നായി സംസാരിച്ചിട്ട് അവൻ അപ്പുവിനെ തിരക്കി. അടുത്തുവരാൻ മടിച്ച് ദൂരെ നിന്ന അപ്പുവിനെ അവൻ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു.  എല്ലാവരും വലിയ സന്തോഷത്തോടെ ആ കാഴ്ച നോക്കിനിന്നു. അവർ തമ്മിലുള്ള ആ പിണക്കം മാറി. ഇനി തങ്ങൾ ഒരിക്കലും പിരിയില്ല എന്ന് അവർ പ്രതിജ്ഞ എടുത്തു.

**അൽ അമീർ Z**

8 B



# ലഹരി വിമുക്ത നവകേരളം

ലഹരി വസ്തുക്കളുടെ ഉപയോഗം ഇന്ന് സമൂഹത്തിൽ വളർന്നു വന്നു കൊണ്ടിരിക്കുകയാണ്. സ്കൂളുകളിലും കോളേജിലും എല്ലാം ലഹരി പൂക്കുന്ന കാലം. മയക്കുമരുന്നുകളുടെ ദുരുപയോഗം ആഗോള പ്രശ്നമായി തീർന്നിരിക്കുകയാണ്. ലോകാരംഭം മുതൽ നിലനിൽക്കുന്ന ഈ മഹാവിപത്ത് രോഗങ്ങളെയും മരണത്തെയും ക്ഷണിച്ചുവരുത്തി സംഹാരരുദ്രനെ പോലെ അരങ്ങു വാഴുന്നു. ദാരിദ്ര്യവും തെറ്റിയ ജീവിതവ്യാപാരങ്ങളും സദാചാരവിരുദ്ധമായ കുറ്റവാസനകൾക്കും പിന്നിൽ മയക്കു മരുന്നുകൾ ആണെന്ന് വർത്തമാനകാലം തെളിയിച്ചു കൊണ്ടിരിക്കുന്നു. ഇന്നത്തെ കാലത്ത് ആൺകുട്ടികൾ മാത്രമല്ല പെൺകുട്ടികളും ഇത്തരം ചില രീതികളിലേക്ക് പോകുന്നു എന്നത് എത്ര കഷ്ടമാണ്.

മയക്കുമരുന്നുകൾ പലവിധത്തിലുണ്ട്.

അതു പലതും പലരീതിയിൽ നമ്മെ ബാധിക്കുന്നവയാണ് . ആദ്യം ഒരു കൗതുകത്തിന് വേണ്ടി തുടങ്ങുകയും പിന്നീട് പൂർണമായും അടിമപ്പെട്ടു പോകാൻ ഇടയുള്ളതും ആണ് ഇത്തരം ദുശ്ശീലങ്ങൾ. അന്യസംസ്ഥാന തൊഴിലാളികളും മയക്കുമരുന്ന് മാഫിയകളും ഇപ്പോൾ കേരളത്തിൽ വ്യാപകമായി ഇവ വിതരണം ചെയ്യുന്നു. പത്രം തുറന്നാൽ മുഴുവനും ലഹരി കേസുകളാണ്. മയക്കുമരുന്ന് യുവതലമുറയിലെ പലരേയും മാനസിക വിഭ്രാന്തിയിൽ അകപ്പെടുത്തി മാനസികരോഗികൾ ആക്കുന്നു. ഒരു വിഭാഗം ആരോഗ്യം നഷ്ടപ്പെട്ട് പ്രായമായി മാറുന്നു. മറ്റൊരു കൂട്ടർ സാമ്പത്തിക ബുദ്ധിമുട്ട് ഏറുമ്പോൾ കുറ്റകൃത്യങ്ങൾ ചെയ്ത് തടവറയിൽ എത്തപ്പെടുന്നു.

നമ്മുടെ കുട്ടികളെയും നമ്മുടെ നാടിനെയും സംരക്ഷിക്കാൻ വേണ്ടി നമുക്ക് ശ്രമിക്കാം ,നമുക്ക് പ്രാർത്ഥിക്കാം.

**ജോണി എച്ച്  (വിമുക്തി ഇൻ ചാർജ്ജ്)**

# കായിരിയും ഉരിയണ്ടനും

ഒരു ഗ്രാമത്തിൽ കായിരി ഉരിയണ്ടൻ എന്നീ പേരുകൾ ഉള്ള രണ്ടു കൂട്ടുകാർ ഉണ്ടായിരുന്നു. എപ്പോഴും ഒരുമിച്ച് നടക്കുന്ന ഉറ്റ സുഹൃത്തുക്കളായിരുന്നു ഇരുവരും.

ഒരുനാൾ ഇരുവരും ദൂരെ ഒരിടത്ത് ഉത്സവം കാണാൻ പോയി. ഒരുമിച്ച് നടന്ന ഇരുവരും തിക്കിലും തിരക്കിലും പെട്ടു. കുറച്ചു ദൂരം നടന്ന ഉരിയണ്ടൻ തിരിഞ്ഞുനോക്കുമ്പോൾ കായിരിയെ കാണാനില്ല. അയാൾ കായിരിയെ വിളിച്ച് അന്വേഷിച്ചു കൊണ്ടിരുന്നു. എങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല.

നടന്നു ക്ഷീണിച്ച ഉരിയണ്ടൻ ഒരു ചായക്കടയിൽ കയറി ചായകുടിക്കാൻ തീരുമാനിച്ചു . ചായക്കടക്കാരൻ നല്ല ചൂടുള്ള ചായ കൊണ്ട് വെച്ചിട്ട് ചോദിച്ചു ...കഴിക്കാൻ എന്താ വേണ്ടത് .? ആ പഴക്കുലയിൽ നിന്നും നല്ലൊരു കായ ഉരിഞ്ഞുതന്നേക്കു ....നല്ല നാടൻ പഴക്കുല ചൂണ്ടി ഉരിയണ്ടൻ പറഞ്ഞു.

ഉരിയണ്ടൻ ചായ കുടിച്ചു കൊണ്ടിരിക്കെ പുറത്ത് റോഡിലൂടെ കായിരി നടന്നു പോകുന്നത് കണ്ടു.

കായിരി .....

ഉരിയണ്ടൻ ഉറക്കെ വിളിച്ചുപറഞ്ഞു . അത് കേട്ട് ചായക്കടക്കാരൻ പഴകുലയിൽ നിന്നും ഒരു കായ കൂടി ഉരിയാൻ പുറപ്പെട്ടു . ഉരിയണ്ടന്റെ വിളി കേട്ട് കായിരി നോക്കിയപ്പോൾ അതാ ഉരിയണ്ടനിരിക്കുന്നു.

കായിരി സന്തോഷത്തോടെ വിളിച്ചു ...

ഉരിയണ്ടാ......

പഴം ഉരിയുകയായിരുന്ന കടക്കാരന് ദേഷ്യം വന്നു.

കായിരി.......

ചായക്കടയിലേക്ക് കയറിവന്ന കായിരിയെ കണ്ടു ഉരിയണ്ടൻ സന്തോഷത്തോടെ വീണ്ടും വിളിച്ചു . കടക്കാരൻ പഴമുരിയാൻ തുടങ്ങുമ്പോഴേക്കും കായിരിയുടെ മറുപടി വന്നു.


ഉരിയണ്ട......

ഇതെന്താ കഥ ....ഒരാൾ ഉരിയാൻ പറയുന്നു . അടുത്തയാൾ വേണ്ടെന്നും.

ഇനി നിങ്ങൾ ഏതെങ്കിലും ഒന്ന് തീരുമാനിക്കുക. ഉരിയണോ വേണ്ടയോ എന്ന് . എന്നിട്ട് ഞാൻ വരാം. കടക്കാരൻ ദേഷ്യത്തോടെ അടുക്കളയിലേക്ക് പോയി.


അനന്ദു എ ആർ 7 A

# THE RIVER




*Dark brown is the river.*
*Golden is the sand .*
*It flows along for ever ;*
*with trees on either hand .*
*Green leaves a floating,*
*castles of the foam,*
*Boats of mine a boating*
*Where will all come home*
*On goes the river*
*And out past the mill,*
*Away down the valley ,*
*Away down the hill ..*
*Away down the river,*
*A hundred miles or more,*
*Other little children*
*Shall bring my boats ashore.*

IJAS N
10 B



# मेरा स्कूल ( लघु लेख )

मेरा स्कूल कोट्टियम में है ।इसका नाम सी. एफ हाईस्कूल है।यहाँ छात्र और छात्राएं है।यहाँ के अध्यापक बहुत अच्छे हैं।हमारे लिए एक नया पुस्तकालय का उदघाटन किया गया।समय मिलने पर वहाँ जाकर पुस्तकें पढ़ते हैं।हमको खेलने के लिए एक बडा मैदान है।मेरे स्कूल में पढ़ाई के साथ खेल और अनुशासन का भी ध्यान रखा जाता है।यह कोट्टियम के जाने माने स्कूलों में एक है।



Muhammed Rihan Shanavas
7B

# वाक्य प्रयोग

1. मुहावरा: आँख का तारा, आँख की पुतली
अर्थ: बहुत प्यारा
वाक्य प्रयोग: यह बच्चा मेरी आँखों का तारा है।
2.मुहावरा – खून का प्यासा
अर्थ : जानी दुश्मन होना
वाक्य प्रयोग – उसकी क्या बात कर रहे हो, वह तो मेरे खून का प्यासा हो गया है।
3. मुहावरा: खून ठण्डा होना
अर्थ: उत्साह से रहित होना या भयभीत होना
वाक्य प्रयोग: आतंकवादियों को

देखकर मेरा तो खून ठण्डा पड़ गया।

4. मुहावरा: गढ़ फतह करना
अर्थ :कठिन काम करना
वाक्य प्रयोग: आई.पी.एस पास करके दीक्षा ने सचमुच गढ़ फतह कर लिया।

5. मुहावरा: गधे को बाप बनाना
अर्थ: काम निकालने के लिए मूर्ख की खुशामद करना
वाक्य प्रयोग : कार्तिक गधे को बाप बनाना अच्छी तरह जानता हैं।

□□□ □ □ 9B

# GK हिन्दी में

1 विश्व पर्यावरण दिवस – 5 जून

2 विश्व महासागर दिवस – 8 जून

3 विश्व हिन्दी दिवस –10 जनवरी

4 भारत पर्यटन दिवस – 25 जनवरी

5 विश्व जल दिवस – 22 मार्च

6 अंतर्राष्ट्रीय अहिंसा दिवस – 2 अक्तूबर

SUFIYAN N 9 B

# पहेलियाँ

1. मैं चलता हूँ, वह चलती है
   मैं रुकता हूँ वह रुकती है ।
   उ छाया
2. दिखने में है काला
   बारिश धूप का रखवाला ।
   उ बादल
3. पानी की यह रानी है
   जीवन इसका पानी है ।
   उ कमल

Darshana

6 B

# मन करता है

मन करता है पक्षी बनकर
ऊँचे डाल पर बैठ जाऊँ ।
मन करता है झरना बनकर
जानवरों के प्यास बुझाऊँ ।
मन करता है तितली बनकर
बच्चों के मन बहलाऊं ।
मन करता है चिडिया बनकर
सबको मधुर गीत सुनाऊँ ।

Prabhin Prathap
5 B

# [illegible]

एक दो गीत सुनें
तीन चार उठ जाएँ
पाँच छह हाथ जोडें
सात आठ पैर मारें
नौ दस बैठ जाएँ

***JEROM***
***5 B***







AJITH

5B









അനീന അജിത് 5 B

















**DOMINIC RAJ**

**9 A**



***AHAMMADALI NOUSHAD***

**8 B**



# സി എഫ് കുടുംബം







# നന്ദി